പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3342 19.06.2018-ൽ മറുപടിയ്ക്ക്

# ചിറ്റൂർ ആർ.ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ ആർ.ടി.ഒ. യുടെ ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് ചിറ്റൂർ താലൂക്ക് സഭയും ഗതാഗത വകുപ്പും നൽകിയ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവഗണിക്കുകയും താമസിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ 24 മാസക്കാലയളവിൽ മൊത്തം എത്ര രൂപയാണ് വാടക,വൈദ്യുതി ഇനങ്ങളിൽ ചിറ്റൂർ മോട്ടോർ വാഹന ഓഫീസിന് ചെലവായത്; | (എ)<br>&<br>(ബി) | ചിറ്റൂർ സബ് ആർ.ടി.ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനു വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ചിറ്റൂർ സബ് ആർ.ടി.ഓഫീസിന് 21/10/2016 തീയതിയിൽ ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 17/11/2016 തീയതിയിലെ എഫ്4/23154/റ്റിസി/2012 നമ്പർ ഉത്തരവ് പ്രകാരം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി നൽകി. തുടർന്ന് ലഭ്യമായ സ്ഥലം ഫർണിഷ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകൃത ഏജൻസികളിൽ നിന്നും ക്ഷണിക്കുകയും KSIE, KIIDC എന്നീ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് സമർപ്പിക്കുകയുമുണ്ടായി. ടി എസ്റ്റിമേറ്റുകൾ DTC, RTO, JRTO എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിക്കുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് മാറ്റങ്ങൾ വരുത്തി പുതിയ എസ്റ്റിമേറ്റുകൾ ടി സ്ഥാപനങ്ങൾ സമർപ്പിച്ചു. എന്നാൽ അപ്പോഴേക്കും KSIE എന്ന ഏജൻസിയുടെ അംഗീകാരം നഷ്ടപ്പെട്ടു. KIIDC-ക്ക് ഇറിഗേഷനുമായി ബന്ധപ്പെട്ട വർക്കുകൾ നടത്താനുള്ള അനുമതി മാത്രമെയുള്ളൂ.<br>അതിനെ തുടർന്ന് സർക്കാർ |
| (ബി) | ഓഫീസ് മാറ്റുന്നതിന് മനപ്പൂർവം സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈ തുക ഈടാക്കാൻ നടപടി എടുക്കുമോ; | | |

| | | | |
|---|---|---|---|
| | | | അംഗീകൃത ഏജൻസികളിൽ നിന്നും പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. പാലക്കാട് ആർ.ടി.ഒ 27/02/2018 തീയതിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം നൽകിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 24/04/2018 ന് കൂടിയ FAST പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും 07/05/2018 തീയതിയായി ഡയറക്ടർ, നിർമ്മിതി കേന്ദ്രയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നതായി JRTO അറിയിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം JRTO-യ്ക്ക് നൽകിയിട്ടുണ്ട്. 2018 മേയ് 31 വരെ വാടകയിനത്തിൽ 3,44,983/- രൂപ നൽകേണ്ടതുണ്ട്. (പി.ഡബ്ല്യു.ഡി-യിൽ നിന്നും സ്ഥലലഭ്യതാരഹിത സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ വാടക നൽകാൻ കഴിഞ്ഞിട്ടില്ല) വൈദ്യുതി ചാർജ്ജിനത്തിൽ 2,47,527/- രൂപ ചിലവായിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല. |
| (സി) | ചിറ്റൂർ ആർ.ടി.ഒ യുടെ ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് അടിയന്തര നിർദ്ദേശം നൽകുകയും സമയബന്ധിതമായി മാറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമോ? | (സി) | സമയബന്ധിതമായി ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തര നിർദ്ദേശം നൽകിയതായി ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ